(ബി) നീണ്ടകര, ആലപ്പുഴ, കോഴിക്കോട്, (ബേപ്പൂർ ഉൾപ്പെടെ) കോവളം–വിഴിഞ്ഞം, തിരുവനന്തപുരം, കൊല്ലം, കൊടുങ്ങല്ലൂർ, പൊന്നാനി വടകര, തലശ്ശേരി, കണ്ണൂർ, അഴീക്കൽ, കാസർകോട് എന്നിവ മൈനർ തുറമുഖങ്ങളും കൊച്ചി മേജർ തുറമുഖവുമാണ്.

(സി) ഒന്നിന്റെയും പ്രവർത്തനം നിറുത്തിവച്ചിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) കോവളം, വിഴിഞ്ഞം, നീണ്ടകര, കോഴിക്കോട് (ബേപ്പൂർ) അഴീക്കൽ എന്നീ തുറമുഖങ്ങൾ വികസിപ്പിക്കാൻ പരിപാടിയുണ്ട്.

കേരളത്തിലെ നാഷണൽ ഹൈവേകൾ

* 419. [479] ശ്രീ. എം. പി. എം. ഇസഹാക്ക് കുരിക്കൾ :

,, നാലകത്ത് സൂപ്പി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര നാഷണൽ ഹൈവേകളുണ്ട്;

(ബി) അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) അവയുടെ ദൈർഘ്യം എത്ര

(ഡി) സംസ്ഥാന റോഡുകൾ നാഷണൽ ഹൈവേയായി ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡം എന്ത് ;

(ഇ) ഈ മാനദണ്ഡം അനുസരിച്ച് സംസ്ഥാനത്തിന് വിഹിതം ലഭിച്ചിട്ടുണ്ടോ ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ)

(എ) കേരളത്തിൽ രണ്ട് നാഷണൽ ഹൈവേകൾ ഉണ്ട്.

(ബി) നാഷണൽ ഹൈവേ 47-ഉം നാഷണൽ ഹൈവേ 17-ഉം ആണ് അവ.

(സി) നാഷണൽ ഹൈവേ 47-ന് 415.50 കിലോമീറ്ററും നാഷണൽ ഹൈവേ 17-ന് 420.823 കിലോമീറ്ററും ദൈർഘ്യമുണ്ട്.

(ഡി) ഭാരതത്തിലെ പ്രധാന തുറമുഖങ്ങളേയും അയൽ രാജ്യങ്ങളിലെ ഹൈവേകളെയും സംസ്ഥാന തലസ്ഥാനങ്ങളെയും സുഖവാസകേന്ദ്രങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്ന മുഖ്യ പാതകളാണ് നാഷണൽ ഹൈവേകൾ. ഇതാണ് സംസ്ഥാന റോഡുകൾ നാഷണൽ ഹൈവേയായി ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡം.

(ഇ) ഈ മാനദണ്ഡങ്ങൾ അനുസരിച്ച് വിഹിതം നിർണ്ണയിക്കുകയെന്നത് പ്രായോഗികമല്ല. എന്നാൽ മറ്റു തെന്നിന്ത്യൻ അയൽ സംസ്ഥാനങ്ങളേക്കാൾ കേരളം ഇക്കാര്യത്തിൽ താരതമ്യേന പിന്നിലല്ല. എന്നിരുന്നാലും കോഴിക്കോട്–നിലമ്പൂർ–ഗൂഡല്ലൂർ, കുറ്റിപ്പുറം–ചാലിശ്ശേരി–തൃശ്ശൂർ, തിരുവനന്തപുരം–മൂവാറ്റുപുഴ–മധുര എന്നീ മൂന്ന് റോഡുകൾ കൂടി ദേശീയ പാതകളായി പ്രഖ്യാപിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly